ആശുപത്രിയിലെ അക്രമം

79 (3008)ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പൂയപ്പള്ളി പോലീസ് സ്റ്റേഷൻ അതിർത്തിയിൽ ചുങ്കത്തറ, ആയൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ചികിത്സയിലായിരുന്നവരെ മാരകായുധങ്ങളുമായി കയറി വെട്ടി പരിക്കേൽപ്പിച്ച സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് കേസെടുത്തിട്ടുണ്ടോ; സംഭവം നടന്നത് എന്നാണ്;

(സി) ഈ കേസ്സിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ഡി) പ്രതികളെ അറസ്റ്റുചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടി സംഭവത്തെ സംബന്ധിച്ച കേസെടുത്തിട്ടുണ്ട്. സംഭവം നടന്നത് 7-6-1999ലാണ്.

(സി)&(ഡി) കേസന്വേഷണം ഊർജ്ജിതമായി നടന്നുവരുന്നു.

ആശുപത്രികൾക്കു നേരെയുണ്ടായ ആക്രമണങ്ങൾ

80 (3009)ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ജനുവരി 1 മുതൽ ജൂൺ 30 വരെ സംസ്ഥാനത്ത് ആശുപത്രികൾക്ക് നേരെയുണ്ടായ ആക്രമണം സംബന്ധിച്ച് പോലീസ് എത്ര കേസ്സുകൾ എടുത്തിട്ടുണ്ട്;

(ബി) ഏതെല്ലാം ആശുപത്രികൾക്ക് നേരെയാണ് ആക്രമണം ഉണ്ടായത്; ഈ കേസ്സിലെ പ്രതികൾ ആരെല്ലാം; ഇൻഡ്യൻ ശിക്ഷാനിയമത്തിലെ ഏതെല്ലാം വകുപ്പുകൾ അനുസരിച്ചാണ് കേസ് എടുത്തിട്ടുള്ളത്;

(സി) സംസ്ഥാന ഗവൺമെന്റിന്റെ നേരിട്ടുള്ള ശ്രദ്ധയിൽ വന്ന കേസുകൾ ഏതെല്ലാം;

(ഡി) പ്രസ്തുത ആശുപത്രികൾ സംസ്ഥാന മന്ത്രിസഭയിലെ ഏതെങ്കിലും മന്ത്രിമാർ സന്ദർശിച്ചിട്ടുണ്ടോ; എങ്കിൽ ആരെല്ലാം;

(ഇ) ആശുപത്രി അധികാരികൾ ഏതെങ്കിലും മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിൽ ആവശ്യപ്പെട്ട കാര്യങ്ങൾ എന്തെല്ലാം;

(എഫ്) മന്ത്രിമാരുടെ സന്ദർശനത്തെത്തുടർന്ന് എന്തെല്ലാം നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഏഴു കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി)-(എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

മണലുവട്ടം പെരിങ്ങാട് പ്രദേശത്തു നടന്ന അക്രമ സംഭവങ്ങൾ

81 (3010)ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ കടയ്ക്കൽ പോലീസ് സ്റ്റേഷൻ അതിർത്തി യിൽ മണലുവട്ടം പെരിങ്ങാട് പ്രദേശത്ത് അക്രമികൾ അടുത്തിടെ വീടുക ളിൽ കയറി സ്ത്രീകളെ കടന്നാക്രമിക്കുകയും നിരപരാധികളെ ഭീഷണിപ്പെടു ത്തുകയും വൻതോതിൽ വിളനാശം ഉണ്ടാക്കുകയും ചെയ്തത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സംഭവത്തിൽ ആരെയൊക്കെ പ്രതികളാക്കിയാണ് കേസ് എടുത്തതെന്നും ഏതെല്ലാം വകുപ്പുകളനുസരിച്ചാണ് കേസ് ചാർജ്ജ് ചെയ്ത തെന്നും അറിയിക്കുമോ;

(സി) പ്രതികളെ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്നറിയിക്കുമോ;

(ഇ) അടിയന്തിരമായി പ്രതികളെ അറസ്റ്റ് ചെയ്ത് ശിക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചാണപ്പാറക്കാരായ ദാമോദരൻ, അനിൽ, സുരേഷ്, സന്തോഷ്, മണികണ്ഠൻ, വിനോദ് എന്നിവരാണ് പ്രതികൾ. ഐ.പി.സി. 143, 147, 148, 506(11) 324, 427, 149 വകുപ്പുകളനുസരിച്ചാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(സി)&(ഡി) പ്രതികൾ ഒളിവിലായതിനാൽ അറസ്റ്റു ചെയ്യാൻ സാധിച്ചി ട്ടില്ല.

(ഇ) കേസ് ഊർജ്ജിതമായി അന്വേഷിച്ചുവരുന്നു.

വനിതയെ ആക്ഷേപിച്ച സംഭവം

82 (3011)ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ അഞ്ചാലുംമൂട് പോലീസ് സ്റ്റേഷൻ അതിർത്തിയിൽ പെരിനാട് ഗ്രാമപഞ്ചായത്ത് മെമ്പറും പട്ടികജാതി വനിതയു മായ ശ്രീമതി തങ്കച്ചിയെ ജാതിപ്പേര് വിളിച്ച് ആക്ഷേപിക്കുകയും ആക്രമിക്കു വാൻ ഒരുങ്ങുകയും ചെയ്തതായ സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ;

† അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly

17. ശ്രീ. ശിവദാസൻ, കോഴിക്കോടൻവീട്,
ബേപ്പൂർ പി.ഒ. കോഴിക്കോട് 6,000/- 4,800/-
ആകെ രൂപ 6,07,600/-
(ആറ് ലക്ഷത്തി ഏഴായിരത്തി അറുന്നൂറ് രൂപാ മാത്രം)

അനുബന്ധം IX

[19-7-1999-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 80 (3009)-ന്റെ 'ബി' ഉത്തരം ദയവായി കാണുക]

അക്രമം നടന്ന ആശുപത്രിയുടെ പേര്	പ്രതികളുടെ പേരുവിവരം	ക്രൈം കേസ് നമ്പരും സെക്ഷനും
(1)	(2)	(3)
1. മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം	എ.ഐ.വൈ.എഫ്. പ്രവർത്തകരായ 1. സോളമൻ, 2. ജയചന്ദ്രൻ, 3. പി.കെ. തമ്പി 4. വിജയൻ മറ്റ് കണ്ടാലറിയാവുന്ന 45-ഓളം പ്രവർത്തകരും	മെഡിക്കൽ കോളേജ് പി. എസ്. ക്രൈം നം.86/99.യു/ എസ്.143, 147, 149,447,332 ഐ.പി.സി. ആന്റ് സെക്ഷൻ 3(2) (സി) ഓഫ് പി.ഡി.പി.പി. ആക്ട്.
2. അരുമന ആശുപത്രി, പെരുന്താണി, തിരുവനന്തപുരം	1. മാത്തുകുട്ടി, 2. ഹാജാ 3. നാസ്സർ മറ്റു കണ്ടാലറിയാവുന്ന മൂന്നു പേരും	ഫോർട്ട് പി.എസ്. ക്രൈം നം.182/99.യു/എസ് 143, 149, 323, 427 ഐ.പി.സി.
3. ലക്ഷ്മി ആശുപത്രി, പയപ്പിള്ളി, എറണാകുളം	1. സേവ്യർ, 2. കുഞ്ഞുമോൻ	മട്ടാഞ്ചേരി പി.എസ്. ക്രൈം. നം. 91/99. യു./എസ്. 448, 427. ഐ.പി.സി.
4. ലിറ്റിൽ ഫ്ളവർ ആശുപത്രി, അങ്കമാലി	തിരിച്ചറിഞ്ഞിട്ടുള്ള പ്രതികൾ 1. സുനിൽ, 2. ബിജു വർഗ്ഗീസ്, 3. ജോർജ്ജ്. 4. സാബു. 5. ജെയിംസ് 6. ആന്റണി. 7. വർഗ്ഗീസ് 8. ബാബു 9. അജി 10. ലാസർ 11. ബെന്നി 12.ജീസുമോൻ 13. അശോകൻ 14.ജോയി	അങ്കമാലി പി.എസ്. ക്രൈം നം.331/99.യു/എസ് 143, 147, 148, 447, 452, 427, 502 (1) ആർ/ഡബ്ല്യു 149. ഐ.പി.സി. പ്രകാരം രജിസ്റ്റർചെയ്ത് വിശദമായ അന്വേഷണത്തിനായി ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറിയിട്ടുണ്ട്.
5. ജില്ലാ ആശുപത്രി, പാലക്കാട്	1. മുരളീധരൻ, 2. ഇ.പി. രാമകൃഷ്ണൻ, 3. മുരളി അമ്പാടി, 4. സുരേഷ് ബാബു, 5. ബാലകൃഷ്ണൻ, 6. ചാമിയപ്പൻ, 7. എ.മോഹൻദാസ്, 8. ഗംഗാധരൻ, 9. മണികണ്ഠൻ, 10. ശെൽവൻ, 11. സുന്ദരൻ	പാലക്കാട് ടൗൺ പി.എസ്.ക്രൈം നം. 378/99.യു/എസ് 143, 147, 148, 353, ആർ/ഡബ്ല്യു 149 ഐ.പി.സി. പ്രകാരം

LIBRARY ARCHIVES Kerala Legislative Assembly

6. പബ്ലിക് ഹെൽത്ത് സെന്റർ, താനൂർ, മലപ്പുറം	1. ഹംസകോയ, 2. മൊയ്ദ്ദീൻകോയ, 3. സലാം, 4. സുഹൈബ, 5. കുണ്ട് മരയ്ക്കാർ, 6. സുബൈദ, 7. കുഞ്ഞാവ, 8. അസീസിന്റെ പുരയ്ക്കൽ കുഞ്ഞാവ 9. ഹുസൈൻ കോയ 10. യൂസഫ്, 11. കോയ, 12. അഷ്റഫ്, 13. ജബ്ബാർ	താനൂർ പി.എസ്.ക്രൈം നം. 148/99.യു/എസ്. 143, 147, 447, 353, 511, 427, 506 ആർ/ഡബ്ല്യു 149 ഐ.പി.സി.
7. നാഷണൽ ആശുപത്രി, നടക്കാവ്	പ്രതികൾ സമരക്കാർ	നടക്കാവ് പി.എസ്. ക്രൈം നം.251/99. യു/എസ് 447, ആർ/ഡബ്ല്യു. 34 ഐ.പി.സി. B

അനുബന്ധം X

[19-7-1999-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 94 (3023)-ന്റെ 'എ' ഉത്തരം കാണുക]

GOVERNMENT OF KERALA

Abstract

PUBLIC SERVICES-SCHEME FOR THE COMPASSIONATE EMPLOYMENT OF THE DEPARTMENTS OF GOVERNMENT SERVANTS WHO DIE IN HARNESS-MODIFIED-ORDERS ISSUED

PERSONNEL AND ADMINISTRATIVE REFORMS
(ADVICE-C) DEPARTMENT

G.O.(P) No. 12/99/P&ARD Dated, Thiruvananthapuram, 24th May, 1999

Read:- 1. G.O. (Ms) No. 20/70/PD dated 21-1-1970
2. G.O. (P) No. 7/95/P&ARD dated 30-3-1995
3. Judgment in OP.No. 10287/95 dated 26-7-1995 of the Hon'ble High Court of Kerala
4. G.O. (P) No. 21/95/P&ARD dated 21-10-1995
5. G.O. (P) No. 14/96/P&ARD dated 25-3-1996
6. G.O. (P) No. 23/96/P&ARD dated 10-7-1996
7. G.O. (P) No. 39/96/P&ARD dated 29-11-1996
8. G.O. (P) No. 4/97/P&ARD dated 12-2-1997
9. G.O. (P) No. 1/98/P&ARD dated 5-1-1998

ORDER

As per the Government order read as 1st paper above, Government have introduced a scheme to provide employment assistance to the dependent of Government Servants who die in harness. The intention of the scheme was to provide expeditious relief to the immediate family of the deceased Government Servants, who will suffer in the absence of such a relief. Several relaxations and restrictions have taken place over the past 29 years to the scheme and rules. This scheme was liberalised last as per G.O. read as 2nd paper above. While disposing OP.No. 10287 of 1995, the Hon'ble High Court has observed that the provisions contained in G.O. (P) No. 7/95/P&ARD dated 30-3-1995 regulating the scheme

LIBRARY ARCHIVES Kerala Legislative Assembly